"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമ പഞ്ചായത്തിലെ 16-ാം വാർഡ് മെമ്പറായിരുന്നപ്പോൾ മരണപ്പെട്ട ശ്രീമതി. തങ്കച്ചി ജഗന്നിവാസന് ചികിത്സ ഇനത്തിൽ ചെലവായ തുകയുടെ 70% തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ടി വ്യക്തിയുടെ ആശ്രിതർക്ക് ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1346/2024/LSGD തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:-

1. മംഗലപുരം ഗ്രാമ പഞ്ചായത്തിലെ 04.11.2020 തീയതി നടന്ന സാധാരണ യോഗത്തിലെ 10(1)-ാം നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.03.2024 തീയതിയിലെ LSGD/PD/12842/2023-EER2 നമ്പർ കത്ത്.

**ഉത്തരവ്**

മംഗലപുരം ഗ്രാമ പഞ്ചായത്തിലെ 16-ാം വാർഡ് മെമ്പറായിരുന്നപ്പോൾ മരണപ്പെട്ട ശ്രീമതി. തങ്കച്ചി ജഗന്നിവാസന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയായ 728,93195/- രൂപ ആശ്രിതർക്ക് ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കുകയും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയുകയും ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. മരണപ്പെട്ട ശ്രീമതി. തങ്കച്ചി ജഗന്നിവാസന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയുടെ ( ഭക്ഷണം, വാടക ഒഴിവാക്കിയ തുകയായ 720,599.57 രൂപ) 70% തുകയായ 504,419/- രൂപ (അഞ്ചുലക്ഷത്തി നാലായിരത്തി നാനൂറ്റിപത്തൊൻപത് രൂപ മാത്രം) ടി വ്യക്തിയുടെ ആശ്രിതർക്ക് ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും

അടിസ്ഥാനത്തിൽ മംഗലപുരം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, മംഗലപുരം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/89/2021-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
സെക്ഷൻ ഓഫീസർ
Date: 26-07-2024 10:50:48

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.